## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2235 — 18-07-2016 -ൽ മറുപടിക്ക്

### ദുരിതാശ്വാസ ക്യാമ്പുകളിലെ അടിസ്ഥാനസൗകര്യങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് പ്രകൃതിക്ഷോഭത്തിനിരയായവരെ മാറ്റിപ്പാർപ്പിക്കുന്ന ദുരിതാശ്വാസ ക്യാമ്പുകൾ യാതൊരുവിധ അടിസ്ഥാന സൗകര്യങ്ങളും ഇല്ലാത്തതാണെന്ന പരാതികൾ ലഭിക്കാറുണ്ടോ; | എ) | ലഭിച്ചിട്ടില്ല. |
| ബി) | ക്യാമ്പുകളിലെ മോശം സാഹചര്യം കാരണം പ്രകൃതിക്ഷോഭത്തിനിരയായവർ ക്യാമ്പുകളിലേക്ക് മാറാൻ വിമുഖത കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | എങ്കിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളെ ഇത് പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കാറുണ്ടെന്ന കാര്യം ഗൗരവമായി കണക്കാക്കാറുണ്ടോ; | സി) | ബാധകമല്ല. |
| ഡി) | ഏതെല്ലാം കെട്ടിടങ്ങളാണ് സാധാരണയായി ഇത്തരം ക്യാമ്പുകളായി തെരഞ്ഞെടുക്കാറുള്ളത്; ഇത്തരം കെട്ടിടങ്ങളിൽ ആവശ്യത്തിന് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണോയെന്ന കാര്യം ഉറപ്പുവരുത്താറുണ്ടോ; | ഡി) | സ്കൂളുകൾ, കമ്മ്യൂണിറ്റി ഹാളുകൾ, ആശ്വാസ കേന്ദ്രങ്ങൾ, സാംസ്കാരിക നിലയങ്ങൾ, വില്ലേജ് ഓഫീസിനോട് ചേർന്നുള്ള കെട്ടിടങ്ങൾ, ആഡിറ്റോറിയങ്ങൾ, അംഗൻവാടികൾ, സുനാമി ഷെൽറ്ററുകൾ, എന്നിവയാണ് സാധാരണയായി ദുരിതാശ്വാസ ക്യാമ്പുകളായി തിരഞ്ഞെടുക്കാറുള്ളത്. ഇത്തരം കെട്ടിടങ്ങളിൽ ആവശ്യത്തിന് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താറുണ്ട്. |

(മറുപുറം)

| | | | |
|---|---|---|---|
| ഇ) | സംസ്ഥാനത്തെ സ്ഥിരം ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിക്കേണ്ടി വരുന്ന കെട്ടിടങ്ങൾക്ക് ഈ കാര്യം കൂടി പരിഗണിച്ച് അടിസ്ഥാന സൗകര്യവികസനത്തിന് കൂടുതൽ തുക വകയിരുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ? | ഇ) | പ്രകൃതിക്ഷോഭം മൂലം ദുരിതമനുഭവിക്കുന്നവരെ താൽക്കാലികമായി പുനരധിവസിപ്പിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ദുരിതാശ്വാസ ക്യാമ്പുകളാണ് പ്രവർത്തിച്ചു വരുന്നത്. കടൽക്ഷോഭത്തിൽ ദുരിതമനുഭവിക്കുന്നവരെ താൽക്കാലികമായി മാറ്റിപ്പാർപ്പിക്കുന്നതിന് ദേശീയ ചുഴലിക്കാറ്റ് പ്രതിരോധ പദ്ധതി (NCRMP-National Cyclone Risk Mitigation Project) പ്രകാരം 9 തീരദേശ ജില്ലകളിൽ എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ 27 സ്ഥിരം ക്യാമ്പ് സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ